# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1465** **10-02-2020-ന് മറുപടിയ്ക്ക്**

### കൊരട്ടിച്ചാൽ സംരക്ഷണ നടപടികൾ

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊരട്ടി-കാടുകുറ്റി ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന കൊരട്ടിച്ചാൽ സംരക്ഷണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) | കൊരട്ടി-കാടുകുറ്റി ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന കൊരട്ടിച്ചാൽ സംരക്ഷണ നടപടികളുടെ ആദ്യ ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമായി അനുവദിച്ച ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്നും, ഇനിയും ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത് എന്നും വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>• കനാൽ താഴ്ച കൂട്ടലും ബണ്ട് നിർമ്മാണവും 2225 മീറ്റർ<br>• 10 മീറ്റർ സ്പാൻ ഉള്ള സ്ലൂയിസ് പണി<br>• രണ്ട് പൈപ്പ് സ്ലൂയിസുകളുടെ നിർമ്മാണം (ട്രാക്ടർ റാമ്പിന് പകരം)<br>• നാല് പൈപ്പ് സ്ലൂയിസുകളുടെ നിർമ്മാണ പ്രവൃത്തി<br><br>ഒന്നാംഘട്ട പദ്ധതി പ്രകാരം നിലവിൽ അനുമതി കിട്ടിയ പ്രവൃത്തികളിൽ രണ്ട് ട്രാക്ടർ റാമ്പുകളുടെ നിർമ്മാണം സ്ഥലം ലഭ്യമല്ലാത്തതിനാൽ പാടശേഖരസമിതിയുടെ ശുപാർശ പ്രകാരം ഉപേക്ഷിച്ചു. പെട്രോനൈറ്റ് സിസികെ ലിമിറ്റഡ് പൈപ്പ് ലൈൻ കടന്നുപോകുന്ന 76.00 മീറ്റർ ദൂരം കൊരട്ടിച്ചാലിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി ലഭിക്കാത്തതിനാൽ ഒഴിവാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ മറ്റു പ്രവൃത്തികൾ ഒന്നും തന്നെ ബാക്കിയില്ല.<br><br>രണ്ടാം ഘട്ടത്തിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഇവയാണ്.<br>• ജലസംഭരണിയുടെ ആഴം കൂട്ടൽ<br>• ബണ്ട് നിർമ്മാണം<br>• 6 മീറ്റർ സ്പാൻ ഉള്ള സ്ലൂയിസ് കം ട്രാക്ടർ പാക്കേജ് നിർമ്മാണം<br>• റാമ്പ് നിർമ്മാണം<br>• മെയിൻ ബണ്ടുകളിൽ പൈപ്പ് സ്ലൂയിസുകളുടെ നിർമ്മാണം |

| | | | |
|---|---|---|---|
| (സി) | കൊരട്ടിച്ചാൽ നവീകരണ-സംരക്ഷണ പ്രവൃത്തികളുടെ രണ്ടാം ഘട്ട പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതിയും ഫണ്ടും സർക്കാർ ലഭ്യമാക്കുമോ; വിശദവിവരം വെളിപ്പെടുത്താമോ? | (സി) | കുലയിടം-കൊരട്ടിച്ചാൽ പാടത്തിന്റെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾക്ക് ജി.ഒ.(എം.എസ്) നമ്പർ. 11/2015/എഡി തീയതി 22.01.2015 പ്രകാരം 493.5 ലക്ഷം രൂപയുടെ ഭരണാനുമതിയും രണ്ടാംഘട്ട പ്രവൃത്തികൾക്ക് സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയറുടെ ഉത്തരവ് നമ്പർ 2019-2020/2019/17 തീയതി 09/07/2019 പ്രകാരം 264.6 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ